ഉത്തരം

(എ) കാട്ടുതീമൂലം അടിക്കാടുകളും പുല്ലുകളുമാണ് കൂടുതലായി കത്തി നശിച്ചിട്ടുള്ളത്. തുടർന്നുവന്ന മഴയിൽ ഇത് കിളിർത്ത് വന്നതുകൊണ്ട് വനഭൂമി ഒന്നും തന്നെ നശിച്ചുപോയിട്ടില്ല.

(ബി) ഈ കാലയളവിൽ ഉണ്ടായ കാട്ടുതീമൂലം സംസ്ഥാനത്ത് ആകെ 4,06,400 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

നേര്യമംഗലത്തെ വനംകൊള്ള

112 [1246] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ കെ. മോഹൻകുമാർ:
„ എം. എ. ചന്ദ്രശേഖരൻ:
„ എ. കെ. മണി:
„ കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട നേര്യമംഗലം വനപ്രദേശത്ത് വൻതോതിൽ വനംകൊള്ള നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് വനംകൊള്ള നടന്നതെന്നും എന്തെല്ലാം തടികളാണ് മോഷണം പോയതെന്നും ഇതുമൂലം എന്ത് നഷ്ടമുണ്ടായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനംകൊള്ളയ്ക്ക് 6 മാസം മുതൽ 5 വർഷം വരെ പഴക്കം ഉണ്ട്. 2004 ജൂൺ മാസം നടത്തിയ പരിശോധനയിൽ തേക്ക്, ഈട്ടി ഇനത്തിൽപ്പെട്ട ഇരുപത്തിനാല് മരങ്ങൾ അനധികൃതമായി മുറിച്ചുമാറ്റിയതായി കണ്ടെത്തുകയുണ്ടായി. ഇതുമൂലം സർക്കാരിന് 2,43,879 രൂപയുടെ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്.

പൊന്തൻപുഴ വനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയും റോഡുനിർമ്മാണവും

113 [1247] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
„ വി. ജെ. പൗലോസ്:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തൻപുഴ വനം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടേതാണെന്ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly